"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ
പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 695033
ഇ മെയിൽ :cru.dttvpm@kerala.gov.in ഫോൺ :0471-2303856

---

**DT/322/2026-C2-Part(1)** **തീയതി: 17-08-2026**

---

# ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - സംസ്ഥാനത്തെ എല്ലാ സർക്കാർ./സ്വകാര്യ/SCDD/STDD ഐടിഐ കളിലെ ഇൻസ്ട്രക്ടർമാരുടെ ട്രേഡ്/യൂണിറ്റ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ National Instructor Management System (NIMS) പോർട്ടലിൽ ഉൾപ്പെടുത്തുന്നത് - 2026 സെഷനിലേക്കുള്ള മാപ്പിംഗ് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ദീർഘിപ്പിച്ചിരിക്കുന്ന വിവരം അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:-
1. 28.07.2026 തീയതിയിലെ ഡെപ്യൂട്ടി ഡയറക്ടറുടെ (പ്ലാനിംഗ്) ഇതേ നമ്പരായ ചുറ്ററിയിപ്പ്
2. File No. DGT-MIS013/2/2023-O/o DIR (TC) [57369] നമ്പരായ 14.08.2026 തീയതിയിലെ DGT അറിയിപ്പ്.

**********

ദേശീയ ഇൻസ്ട്രക്ടർ മാനേജ്മെന്റ് സിസ്റ്റം (National Instructor Management System - NIMS) 2026-27 പരിശീലന വർഷം മുതൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ദേശീയ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതുമായ ബന്ധപ്പെട്ട്, ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ/അംഗീകാരം/മാപ്പിംഗ് എന്നിവ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി 07.08.2026 വരെ ദീർഘിപ്പിച്ച വിവരം എല്ലാ സ്ഥാപന മേധാവിമാരെയും സൂചന (1) പ്രകാരം അറിയിച്ചിരുന്നു.

ഇതിനു തുടർച്ചയായി ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ/അംഗീകാരം എന്നിവ നടത്തുന്നതിനായി അനുവദിച്ചിരിക്കുന്ന 24 X 7 സമയക്രമത്തിന്റെ വിവരവും കൂടാതെ 2026 സെഷനിലേക്കുള്ള ഇൻസ്ട്രക്ടർമാരുടെ മാപ്പിംഗ് നടത്തുന്നത് 19.08.2026 തീയതിക്കുള്ളിൽ പൂർത്തിയാക്കണമെന്നും സൂചന (2) ചുറ്ററിയിപ്പിലൂടെ DGT അറിയിച്ചിരിക്കുന്നു. പ്രസ്തുത DGT അറിയിപ്പിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഈ സാഹചര്യത്തിൽ എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD സ്ഥാപന

മേധാവിമാരും ഈ അവസരം പ്രയോജനപ്പെടുത്തി **19.08.2026** തീയതിക്കുള്ളിൽ തന്നെ **NIMS** മോഡ്യൂളിൽ, ഇൻസ്ട്രക്ടർമാരുടെ മാപ്പിംഗ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു.

**അഡീഷണൽ ട്രെയിനിംഗ് ഡയറക്ടർ**

ഉള്ളടക്കം: സൂചന അറിയിപ്പുകൾ

സ്വീകർത്താവ് എല്ലാ സർക്കാർ./സ്വകാര്യ/**SCDD/STDD** സ്ഥാപന മേധാവിമാരും

പകർപ്പ്:

1. ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ്
2. ഡയറക്ടർ, പട്ടിക വർഗ വികസന വകുപ്പ്
3. ഐറ്റി സെൽ -വെബ് സൈറ്റ് പ്രസിദ്ധീകരണത്തിനായി
4. സ്റ്റോക്ക് ഫയൽ (സി2 സീറ്റ്)



File No. DT/322/2026-C2-Part(1) (Computer No. 878201)

Generated from eOffice by RENJITH G R, JS (C)- DTTVPM, JS(C) DTTVPM, INDUSTRIAL TRAINING DEPARTMENT on 02/09/2026 09:10 AM